കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇരിക്കൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017 - 18

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെഎസ്എ/കെഎൻആർ/സി.4/1539/2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ: 0497 - 2707698

തീയതി: 15.10.2018

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന),

ഇരിക്കൂർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: ഇരിക്കൂർ ഗ്രാമപഞ്ചായത്ത് 2017-18-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4),-ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈറിപ്പോർട്ടിലെ 2-2,3-2എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1) 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

നം.കെഎസ്എ/കെഎൻആർ/സി.4/1539/2018. തീയതി : 15.10.2018

**കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(*1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഗ്രാമ പഞ്ചായത്ത് 20.07.2017 മുതൽ 13.07.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി അന്വേഷണക്കുറിപ്പുകൾ 08 എണ്ണം നൽകിയതിൽ 07എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ബി.സന്തോഷ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-07-2018 മുതൽ 26-07-2018 വരെ |

(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.രമേശൻ കാരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷൈജിത്ത് പി.സി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.വനജ.എം. | ഓഡിറ്റർ |

(സി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീ. കെ.ടി. നസീർ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. കെ. അബ്ദുൾറഷീദ് | 01/04/2017 മുതൽ 03/07/2017 വരെ |
| | ശ്രീ. മുരളീധരൻപിള്ള. വി | 04/07/2017 മുതൽ 06/09/2017 വരെ |
| | ശ്രീ. കെ. അബ്ദുൾറഷീദ് | 07/09/2017 മുതൽ 31/10/2017 വരെ |
| | ശ്രീ. മുരളീധരൻപിള്ള.വി | 01/11/2017 മുതൽ 09/11/2017 വരെ |
| | ശ്രീ. കെ. സുരേഷ് ബാബു | 10/11/2017 മുതൽ 28/01/2018 വരെ |
| | ശ്രീ. പ്രദീപ് കുമാർ.എം | 29/01/2018 മുതൽ31/03/2018 വരെ |

(ഡി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ഡോ. ഷീബ പി.ടി | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. ജ്യോതിഷ് ബാബു. കെ.ആർ | 01.04.2017 മുതൽ 15.03.2018 വരെ |
| | ശ്രീ. വിഷ്ണു . പി സുധാകരൻ | 16.03.2018 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ. കെ. ജവഹർ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ. ഗിരാജ്.എ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. മനു മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. എ.പി. ഗോപി | 01.04.2017 മുതൽ 16.06.2017 വരെ |
| | ശ്രീ. മുരളീധരൻപിള്ള.വി | 17.06.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. രേണുക.എ.പി | 01.04.2017 മുതൽ 13.09.2017 വരെ |
| | ശ്രീമതി. കമലാക്ഷി.ടി.കെ | 14.09.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ജി,എ.ഡി) | ഡോ. അപർണ്ണ വിൽസൺ | 01.04.2017 മുതൽ 29.05.2017 വരെ |
| | ഡോ. സീമ.ടി.കെ | 30.05.2017 മുതൽ 13.06.2017 വരെ |
| | ഡോ. അമ്മു.ബി.ബി | 14.06.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2<br>വരവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | സാംഖ്യ- ഫ്രണ്ട് ഓഫീസിൽ സൂചിക കൈപ്പറ്റ് രശീത് ഉപയോഗിക്കുന്നില്ല. | 2-1 |
| 14 | ക്യാഷ് ബുക്ക് സമ്മറി - തയ്യാറാക്കുന്നതിലെ അപാകം | 2-2 |
| 15 | ബസ്സ്റ്റാന്റ് ഫീ പിരിവ് - കളക്ഷൻ തുക അതത് ദിവസം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നില്ല,കളക്ഷൻ രജിസ്റ്റർ എഴുതുന്നില്ല. | 2-3 |
| 16 | തൊഴിൽ നികുതി -അപാകങ്ങൾ | 2-4 |
| 17 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ചുമത്താനാകുമോ എന്ന സാഹചര്യം പരിശോധിക്കുന്നില്ല | 2-5 |
| 18 | ദുരിതാശ്വാസ നിധി | 2-6 |
| | ഭാഗം 3 | |

| | | |
|---|---|---|
| | ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷ ണങ്ങൾ | |
| 20 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ഇന്ധനം നിറക്കുന്നത് - ഇന്ധന ക്ഷമതാ സർട്ടിഫിക്കറ്റിൽ നിശ്ചയിച്ച പരിധിയിലും കൂടുതൽ | 3-1 |
| 21 | അംഗനവാടികൾക്ക് ഫർണിച്ചർ വാങ്ങൽ -14000/- രൂപയുടെ അധികചെലവ് | 3-2 |
| 22 | എം.എൻ.ആർ.ഇ.ജി.എസ്- പഞ്ചായത്ത് നടപ്പാക്കിയ വിവിധ തൊഴിലുറപ്പ് പദ്ധതികളിൽ മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ എസ്റ്റിമേറ്റ് നിരക്കിലും അധികരിച്ച് തുക വിനിയോഗിച്ചു | 3-3 |
| 23 | ലക്ഷം വീട് ഭവന പുനർ നിർമ്മാണം പദ്ധതി നടത്തിപ്പ് – പൂർത്തീകരിക്കുന്നതിൽ കാലതാമസം | 3-4 |
| 24 | ടാർ വിലയിനത്തിൽ സിഡ്കോവിന് അധികം തുക നൽകിയത് തിരിച്ചീടാക്കേണ്ടതാണ്. | 3-5 |
| 25 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകങ്ങൾ | 3-6 |
| 26 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കാത്തതിന്റെ കാരണം വ്യക്തമല്ല | 3-7 |
| 27 | ക്ഷേമപെൻഷൻ - രേഖകൾ സൂക്ഷിക്കുന്നതിലെ വിവിധ അപാകങ്ങൾ | 3-8 |

| | | |
|---|---|---|
| | ഭാഗം4<br>പൊതുവിവരങ്ങളുംഓഡിറ്റ് പ്രത്യവലോകനവും | |
| 28 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 35 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | ഓഡിറ്റ് ഇംപാക്ട് | 4-10 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 39 | അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | - |
| 40 | അനുബന്ധം 2 –<br>(1) റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ്,<br>(2) ഇൻകം ആന്റ് എക്സ്പ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ്,<br>(3) ബാലൻസ് ഷീറ്റ് | - |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

30.03.2017തീയതിയിലെ 20/17തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. അംഗീകരിച്ച ബജറ്റിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 4248793 |
| വരവ് | 85176000 |
| ആകെ | 89424793 |
| ചെലവ് | 83358000 |
| നീക്കിയിരിപ്പ് | 6066793 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 03.05.2018 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 22.06.2018 & 23.06.2018 | KSA/KNR/C4/1393/18 തീ.11.07.2108 |

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.വാർഷിക ധനകാര്യ പത്രികയിലെ വസ്തുനികുതി (തൻവർഷം, കുടിശ്ശിക) ഡിമാന്റ്- കളക്ഷൻ -ബാലൻസും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്-കളക്ഷൻ-ബാലൻസും പൊരുത്തപ്പെടുന്നില്ല.

2.വാർഷിക ധനകാര്യ പത്രികയിലെ B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3.ഡി & ഒ ലൈസൻസ് ഫീയിനത്തിൽ 2016-17 വർഷം ഡിമാന്റ് ചെയ്യാത്ത തുക (4250/- രൂപ) 2017-18 വർഷത്തെ RP-4 ഷെഡ്യൂളിൽ വരവായി ചേർത്തിട്ടുണ്ട്. എന്നാൽ ഈ തുക I-18 ഷെഡ്യൂളിൽ Prior Period Items ൽ ചേർത്തിട്ടില്ല.

4.ബിൽഡിംഗ് റഗുലറൈസേഷൻ ഫീയിനത്തിൽ RP-4 ഷെഡ്യൂൾ പ്രകാരം തൻവർഷം 1,50,650/- രൂപ വരവുണ്ട്. എന്നാൽ രജിസ്റ്ററിൽ റഗുലറൈസേഷൻ ഫീയിനത്തിലുള്ള വരവിന്റെ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

5.2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-9 ഷെഡ്യൂൾ പ്രകാരം VAT ഇനത്തിൽ 284/- രൂപ നീക്കിയിരിപ്പുണ്ട്. 2017-18 ലെ RP-36 പ്രകാരം ഈയിനത്തിൽ 72/- രൂപ വരവുണ്ട്. 2017-18 ലെ AFS പ്രകാരം VAT ഇനത്തിൽ തുക ചെലവഴിച്ചതായി കാണുന്നില്ല. എന്നാൽ 2017-18 ലെ AFS ന്റെ B-9 ഷെഡ്യൂളിൽ VAT ഇനത്തിൽ 284/- രൂപ മാത്രമേ ചേർത്തിട്ടുള്ളൂ.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6232525 |
| വരവ് | 35910253 |
| ആകെ | 42142778 |
| ചെലവ് | 36555291 |
| നീക്കിയിരിപ്പ് | 5587487 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ ** | | 0 | 6646000 | 6646000 | 6036613 | 609387 |
| വികസന ഫണ്ട്-എസ്.സി.പി ** | | 0 | 406751 | 406751 | 390031 | 16720 |
| വികസന ഫണ്ട്-ടി.എസ്.പി ** | | 0 | 10996 | 10996 | 6000 | 4996 |
| മെയിന്റനൻസ്, റോഡ് ** | | 0 | 5725051 | 5725051 | 5517010 | 208041 |
| മെയിന്റനൻസ്, നോൺ-റോഡ്** | | 0 | 2591000 | 2591000 | 1319312 | 1271688 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ** | | 0 | 7376838 | 7376838 | 3290275 | 4086563 |
| കെ.എൽ.എസ്.ജി.ഡി.പി ** | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 1789 | 0 | 1789 | 0 | 1749 |
| ദുരിതാശ്വാസനിധി | | 1739 | 3610 | 5349 | 0 | 5349 |
| എൻ.ആർ .ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 7300982 | 7300982 | 7300982 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1000 | 445227 | 446277 | 444528 | 1789 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജലനിധി | | 821918 | 3290596 | 4112514 | 4059380 | 53134 |
| എം.പി.ഫണ്ട് | | 1358 | 52 | 1410 | 0 | 1410 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 253650 | 253650 | 253650 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 150050 | 150050 | 150050 | 0 |
| ബി ഫണ്ട് | | 0 | 329900 | 329900 | 329900 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 4541447 | 5757537 | 10298984 | 5190611 | 5108373 |
| | ട്രഷറി അക്കൗണ്ട് | 478031 | 6906638 | 7384669 | 7214546 | 170123 |
| മറ്റിനം ( ഇ -മണൽ) | | 62477 | 0 | 62477 | 0 | 62477 |
| (ഇ.എം.എസ് ലോൺ) | | 167194 | 5857 | 173051 | 110476 | 62575 |

** ACR പ്രകാരം

1.ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2017-18 വർഷം 45,51,000/-രൂപ ലഭിച്ചിട്ടുണ്ട്.ഫണ്ട്

വിനിയോഗം സംബന്ധിച്ച് പ്രത്യേകം റജിസ്റ്ററോ,അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല.തുക നിക്ഷപിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള ട്രഷറി ടി.എസ്.ബി അക്കൌണ്ടിൽ മറ്റ് തുകകളും നിക്ഷേപിച്ച് ചെലവ് നടത്തുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റേത് മാത്രമായിട്ടുള്ള വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല.

2.ഐ.സി.ഡി.എസ്. പോഷകാഹാര വിഹിതം, നബാർഡ് വിഹിതം, ശുചിത്വ മിഷൻ, ടി.എസ്.സി. എന്നീ ഇനങ്ങളായി യഥാക്രമം 1633762/-,1841289/-,498526/-,73225/-.രൂപ ലഭിച്ചിട്ടുണ്ട്. അതുപോലെ തൊഴിലുറപ്പ് ഇൻസെന്റീവായി 57000/-രൂപയും, വിമുക്തി പരിപാടി നടത്തിപ്പിനായി 12500/-രൂപയും ലഭിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം ലഭ്യമായ മേൽ ധനസഹായങ്ങളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് പ്രത്യക റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 15 | 10 | 4021509 | 3224137 | 80.17 |
| കൃഷി ഓഫീസർ | 8 | 8 | 815347 | 572872 | 70.26 |
| വെറ്റിനറി സർജൻ | 7 | 6 | 2626800 | 928823 | 35.40 |
| വി.ഇ.ഒ | 5 | 5 | 1705476 | 1255476 | 73.61 |
| അസി.എഞ്ചിനിയർ | 51 | 35 | 19065483 | 10793137 | 56.62 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 3 | 2870257 | 2410882 | 84 |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | 1 | 1 | 700000 | 700000 | 100 |
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 1 | 1 | 403600 | 402497 | 99.73 |
| അസി.സെക്രട്ടറി | 5 | 5 | 145000 | 119710 | 82.56 |
| ആകെ | 97 | 74 | 32353472 | 20407534 | 63.08 |

ബി). ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 7496000 | 6036613 | 80.53 |
| എസ്.സി.പി | 407000 | 390031 | 95.83 |

| | | | |
|---|---|---|---|
| ടി.എസ്.പി | 11000 | 6000 | 54.54 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 4514151 | 3290275 | 72.89 |
| ലോകബാങ്ക് ധനസഹായം | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃതം | 760958 | 121961 | 16 |
| സംസ്ഥാനാവിഷ്കൃതം | 2687500 | 175000 | 6.51 |
| തനത് ഫണ്ട് | 1503475 | 1093742 | 72.75 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 267150 | 253650 | 94.95 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 150050 | 150050 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 6507789 | 5517010 | 84.76 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 2591000 | 1319312 | 50.92 |
| മറ്റുള്ളവ | 5457399 | 2053890 | 37.63 |
| ആകെ | 32353472 | 20407534 | 63.08 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിയിൽ 2017-18 വർഷം മരാമത്ത് ഒഴികെയുള്ള മേഖലകളിൽ ഗ്രാമ പഞ്ചായത്തിന് പുരോഗതി കൈവരിക്കാൻ സാധിച്ചുണ്ട്.അംഗീകാരം ലഭിച്ച 97പ്രൊജക്ടുകളിൽ 74എണ്ണം നടപ്പിലാക്കി.

എന്നാൽ നോൺ റോഡ് സംരക്ഷണ ഗ്രാന്റായി ലഭിച്ച തുകയുടെ 50.92% മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ.അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ സാധിച്ചില്ലയെന്നത് പോരായ്മയാണ്.ധനകാര്യ കമ്മീഷൻ ഗ്രാന്റായി യഥാർത്ഥത്തിൽ മുൻ വർഷത്തെ ക്യൂബില്ലിൽ ഉൾപ്പെട്ട ബില്ലുകളുടെ ചെലവുകൾക്കുവേണ്ടി തൻ വർഷം അനുവദിച്ച 3,33,268/-ഉൾപ്പെടെ ആകെ 6 ഗഡുക്കളായി 73,76,838/-സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൽ അവസാന ഗഡുവായി 39,22,400/-അനുവദിച്ചത് 24.03.2018 തീയ്യതിയിലാണ്. സാമ്പത്തിക വർഷാവസാനം ആയതിനാൽ പുതിയ പ്രൊജക്ടുൾ തയ്യാറാക്കാൻ സാധിക്കാതെ പോകുകയും അനുവദിച്ച മുഴുവൻ തുകയും പാഴാകുകയും ചെയ്തു.

ഇരിക്കൂർ ഗ്രാമപഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവധ ഫണ്ടുകളിൻ ചെലവഴിക്കപ്പെടാതെ ബാക്കിയായത് ഏതാണ്ട് 60 ലക്ഷത്തിൽപരം രൂപയാണ്.ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ബാക്കിയായ തുക |
|---|---|

| | |
|---|---|
| വികസനഫണ്ട് | 6,09,387 |
| എസ്.സി.പി | 16,720 |
| ടി.എസ്.പി | 4,996 |
| പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 40,86,563 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 12,71,688 |
| മെയിന്റനൻസ് ഫണ്ടു റോഡ് | 2,08,041 |
| ആകെ | 61,97,395 |

സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ അതാത് സാമ്പത്തിക വർഷം ചെലവഴിക്കാഞ്ഞാൽ വർഷാവസാനം നഷ്ടമാകും എന്നതിനാൽ പദ്ധതി പണം പാഴാകാതിരിക്കുന്നതിന് വേണ്ടത്ര മുന്നൊരുക്കം കാലേക്കൂട്ടി നടത്തേണ്ടതായുണ്ട്. ഫണ്ട് വിനിയോഗത്തിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ നിലവിലുണ്ടായ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് വർഷാരംഭത്തിൽതന്നെ തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-6 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 97 | 32353472 | 74 | 20407534 | 22 | 23 | 53.61 |

പദ്ധതി ആസൂത്രണം,നിർവ്വഹണം,മോണിറ്ററിംഗ് എന്നിവയിലും ഇതുമായി ബന്ധപ്പെട്ടിട്ടുള്ള നടപടി ക്രമങ്ങൾ പാലിക്കുന്നതിലും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതായുണ്ട്.

ജി.ഒ.(എം.എസ്)10/17തസ്വഭവ.തീ.09.01.2017ഉത്തരവ് പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.ഇതനുസരിച്ച് പഞ്ചായത്തിൽ ആസൂത്രണ സമിതി രൂപീകരിക്കുകയും 24.01.2017 ലെ 4/17 തീരുമാന പ്രകാരം പഞ്ചായത്ത് ഇത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ സമിതി അംഗങ്ങളുടെ പട്ടിക ഫോറം 1 ൽ തയ്യാറാക്കി നടപടി ക്രമം

ഉത്തരവാക്കി പ്രസിദ്ധീകരിച്ചിട്ടില്ല.തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. 2017-18 വർഷം 4 തവണ സമിതി യോഗം ചേർന്നതായി ഇതിന്റെ യോഗ മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു തവണ മാത്രമേ യോഗ തീരുമാനം എഴുതി ചേർത്തിട്ടുള്ളൂ. ബാക്കി യോഗങ്ങളിൽ വെറും പേരും ഒപ്പും മാത്രമേ ഉള്ളൂ. ഏതൊക്കെ വിഷയങ്ങളിൽ സമിതിയുടെ ഇടപെടലുകൾ ഉണ്ടായെന്ന് വ്യക്തമല്ല.

മേൽ ഉത്തരവ് പ്രകാരം പഞ്ചായത്തിൽ അനിവാര്യമായ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ അംഗങ്ങളുടെ പട്ടിക നിശ്ചിത മാതൃകയിൽ (അനുബന്ധം 2)തയ്യാറാക്കി ഉത്തരവാക്കി പ്രസിദ്ധീകരിച്ചിട്ടില്ല. 2017-18വർഷത്തേക്കുള്ള പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ 3 തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ.

പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകൾ മോണിറ്റർ ചെയ്യണം. എന്നാൽ ഓഡിറ്റ് കാലയളവിൽ മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രൊജക്ടുകൾ അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതുണ്ടെങ്കിലും കമ്മിറ്റി ഒരിക്കൽ പോലും യോഗം ചേർന്ന് പദ്ധതികളുടെ ജയ പരാജയങ്ങൾ വിലയിരുത്തലിന് വിധേയമാക്കിയിട്ടില്ല. ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താത്തത് നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചയായി കാണുന്നു. ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല. പ്രൊജക്ട് മോണിറ്ററിംഗിൽ സംഭവിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഈ വിഷയം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1000 | 445277 | 446277 | 444528 | 1749 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 7300982 | 7300982 | 7300982 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 20400 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 1159000 | 98 |
| വിധവാപെൻഷൻ | 6826500 | 567 |
| വാർദ്ധക്യകാലപെൻഷൻ | 8059300 | 567 |
| വികലാംഗപെൻഷൻ | 2053400 | 182 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 31500 | 3 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.07.2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31,080/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഭരണനിർവഹണവും ആഭ്യന്തര നിയന്ത്രണസംവിധാനവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഓഡിറ്റ് കാലയളവിൽ ജീവനക്കാരുടെ പ്രതിമാസ യോഗം പലതവണയായി വിളിച്ചു ചേർത്തിട്ടുണ്ട്. എന്നാൽ യോഗത്തിൽ ഉദ്യോഗസ്ഥരുടെ ജോലി പുരോഗതി,പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം പ്രത്യേകിച്ച് ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവ കാര്യമായി വിലയിരുത്തപ്പെടുന്നില്ല. യോഗത്തിന്റെ അജണ്ടകൾ, അതിൻമേൽ എടുത്ത തീരുമാനങ്ങൾ എന്നിവ വിശദമായി എഴുതിച്ചേർക്കുന്നില്ല. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ടെങ്കിലും സെക്ഷൻ ഏറ്റെടുക്കുന്നതും കൈമാറുന്നതും സംബന്ധിച്ച കൃത്യമായ വിവരം രേഖപ്പെടുത്തുന്നില്ല. ഏതാനും സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വിവരങ്ങൾ ഒന്നും പൂർണ്ണമല്ല. ഫയൽ തീർപ്പാക്കുന്നതിന്റെ വിവരങ്ങൾ എഴുതി ചേർക്കുന്നില്ല. ഉത്തരവാദപ്പെട്ട മേലുദ്യോഗസ്ഥർ പരിശോധന നടത്തുന്നില്ല. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള മേൽ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കാത്തത് മറ്റൊരു പോരായ്മയാണ്. പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകൾക്കും പരാതികൾക്കും യഥാസമയം സേവനം ലഭ്യമാക്കുന്നുണ്ടെന്നും അവ തീർപ്പ് കൽപ്പിക്കപ്പെടുന്നുവെന്നും ഉറപ്പുവരുത്താൻ സാധിക്കാത്ത സ്ഥിതിയാണ് ഇതുമൂലം ഉണ്ടാകുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് പ്രസിഡണ്ട്

ചെയർമാനായി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതുണ്ടെങ്കിലും ഇപ്രകാരം നടന്നിട്ടില്ല. ഒരു ജീവനക്കാരൻ ഔദ്യോഗിക ആവശ്യത്തിന് ഓഫീസിന് പുറത്തേക്ക് പോകുമ്പോൾ മൂവ് മെന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തുണ്ടെങ്കിലും ഇതിലെ വിവരങ്ങളുടെ പരിശോധന ആരും നടത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 162(എ)പ്രകാരം പൊതു ഭരണം എന്ന ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.പഞ്ചായത്തിന്റെ ഭരണ സംവിധാനം കുറ്റമറ്റതാക്കുന്നതിന് പൊതുഭരണ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതാണ്. ഓഫീസിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ ഓഫീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തൽ,ഫ്രണ്ട് ഓഫീസ് നടത്തിപ്പ്, നൽകുന്ന സേവനങ്ങളുടെ നിലവാരം വിലയിരുത്തൽ, ഓഫീസ് ചുമതലാ വിഭജനവും പ്രവർത്തനവും, സ്റ്റാഫ് മീറ്റിംഗ് നടത്തിപ്പും വിലയിരുത്തലും തുടങ്ങിയ വിഷയങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07/06/2018 | 01.05.2018 മുതൽ 31.05.2018 വരെ | 30/06/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13/08/2003-28/08/2003 | 1997-98 മുതൽ 2002-03 വരെ | 27/11/2003 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഇല്ല

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ- ഫ്രണ്ട് ഓഫീസിൽ സൂചിക കൈപ്പറ്റ് രശീത് ഉപയോഗിക്കുന്നില്ല.

ത.സ്വ.ഭ.(എ ബി) വകുപ്പിന്റെ 22.04.2014 തീയ്യതിയിലെ 48544-ാം നമ്പർ സർക്കുലർ പ്രകാരം, സാമ്പത്തിക തിരിമറികൾ നടക്കരുത് എന്ന് ഉറപ്പുവരുത്താനായി എല്ലാ ത.സ്വ.ഭ. സ്ഥാപനങ്ങൾക്കും നൽകിയ നിർദ്ദേശങ്ങളിൽ ഫ്രണ്ട് ഓഫീസ് വഴി ക്യാഷ് രശീതിയും തപാൽ കൈപ്പറ്റ് രശീതിയും ഒരേ രീതിയിലുള്ള സ്റ്റേഷനറി ഉപയോഗിച്ച് പ്രിന്റ് ചെയ്യുന്നത് അപാകതയായതിനാൽ വ്യത്യസ്ത രീതിയിലുള്ള സ്റ്റേഷനറി ഉപയോഗിച്ച് പ്രിന്റ് ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

28-02-2013 മുതലാണ് പഞ്ചായത്തിൽ സാംഖ്യ രശീതുകൾ ഉപയോഗിക്കാൻ തുടങ്ങിയത്. നിലവിൽ ക്യാഷ് വരവിന് പിങ്ക് രശീത് ഉപയോഗിച്ച വരുന്നുണ്ട്. 24-12-2104 ന് ഡി.ഡി.പി. ഓഫീസിൽ നിന്നും 3000 നീല രശീതുകൾ (സൂചിക- കൈപ്പറ്റ് രശീത്) കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഈ രശീതുകൾ ഫ്രണ്ട് ഓഫീസിൽ ഉപയോഗിച്ചതിന്റെയും നീക്കിയിരിപ്പിന്റെയും വിശദാംശങ്ങൾ ഒന്നുംതന്നെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ഈ രശീതികൾ ഫ്രണ്ട് ഓഫീസിൽ ഉപയോഗിക്കുകയോ ചെയ്യുന്നില്ല. പകരം പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പ്രിന്റ് ചെയ്ത രശീതാണ് കൈപ്പറ്റായി അപേക്ഷകർക്ക് നൽകിവരുന്നത്. പ്രിന്റർ തകരാറുമൂലമാണ് സൂചിക രശീത് ഉപയോഗിക്കാൻ സാധിക്കാത്തത് എന്നും നിലവിലുള്ള രശീത് തീരുന്ന മുറയ്ക്ക് സൂചിക രശീത് ഉപയോഗിക്കുന്നതാണ് എന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം.5/17-18, തീയ്യതി : 21-07-2018). പ്രിന്റർ തകരാറുകൾ പരിഹരിച്ച് സൂചിക രശീതുകൾ ഉപയോഗിക്കേണ്ടതും ആയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

## 2-2 ക്യാഷ് ബുക്ക് സമ്മറി - തയ്യാറാക്കുന്നതിലെ അപാകം

02-06-2017 ലെ കൗണ്ടർ കളക്ഷൻ ഡേ ബുക്ക് പ്രകാരം 3019 രൂപയാണ്. എന്നാൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ക്യാഷ് ബുക്ക് പ്രകാരം ഇത് 9019 രൂപയാണ്. അപാകം ചൂണ്ടിക്കാട്ടിയപ്പോൾ എടുത്ത ക്യാഷ് ബുക്കിന്റെ പുതിയ പകർപ്പിൽ കൗണ്ടർ കളക്ഷൻ 3019 രൂപയാണ്. ഈ രണ്ട് ക്യാഷ് ബുക്കിലും കൗണ്ടർ കളക്ഷൻ തുകയിൽ മാത്രമേ വ്യത്യാസമുള്ളൂ. 01-08-2017 ലും ഈ അപാകം ആവർത്തിച്ചിട്ടുണ്ട്. സിസ്റ്റം ജനറേറ്റഡ് ആയ ക്യാഷ് ബുക്കിൽ ഇത്തരം അപാകം സംഭവിക്കുന്നതിലും തെറ്റായ റിപ്പോർട്ട് പരിശോധന കൂടാതെ സാക്ഷ്യപ്പെടുത്തുന്നതിലും വിശദീ കരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നം. 4/2017-18 തീയ്യതി : 21-7-2018) നൽകിയ മറുപടിയിൽ 02-06-2017 ലെ വൗച്ചർ നം. 21700112 പ്രകാരമുള്ള 6000 രൂപയുടെ വൗച്ചർ ക്യാൻസൽ ചെയ്തുകൊണ്ട് ക്യാഷ് ബുക്കിൽ കളക്ഷൻ തുകയുടെ കൂടെ ഈ തുകയും അധികമായി വരുന്നുണ്ട് എന്നും ആ ദിവസം തന്നെ 21700120 വൗച്ചർ നമ്പറായി ക്യാൻസൽ ചെയ്ത പേയ്മെന്റിന് പകരമായി ടി തുകയ്ക്ക് വേറെ ഒരു പേയ്മെന്റ് ചെയ്തിട്ടുണ്ട് എന്നും പേയ്മെന്റ് ചെയ്യുന്നതോടുകൂടി കളക്ഷൻ തുക 3019/- രൂപ തന്നെയാണ് വരേണ്ടതെന്നും അറിയിച്ചിട്ടുണ്ട്. വിശദീകരണം തൃപ്തികരമല്ല.

സാംഖ്യ സോഫ്റ്റ് വെയർ പ്രകാരമുള്ള ക്യാഷ് ബുക്കിൽ മറ്റ് തുകകളിൽ മാറ്റമില്ലാതെ ഒരു ശീർഷകത്തിലെ തുക മാത്രം എഡിറ്റ് ചെയ്യാൻ പറ്റും എന്നത് സിസ്റ്റം സോഫ്റ്റ് വെയറിലെ അവ്യക്തതയിലേക്ക് വിരൽചൂണ്ടുന്നു. ആയതിന് കൂടുതൽ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-3 ബസ്സ്റ്റാന്റ് ഫീ പിരിവ് - കളക്ഷൻ തുക അതത് ദിവസം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നില്ല, കളക്ഷൻ രജിസ്റ്റർ എഴുതുന്നില്ല.

ബസ്സ്റ്റാന്റ് ഫീ പിരിവ് ഇനത്തിലെ പിരിവ് തുക അതത് ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക വരുത്തുന്നില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പിരിവ് നടത്തിയ തീയ്യതി | തുക ഒടുക്കിയ തീയ്യതി |
|---|---|

| | |
|---|---|
| 13-05-2017 | 16-05-2017 |
| 03-09-2017 | 07-09-2017 |
| 29-09-2017 | 03-10-2017 |
| 09-12-2017 | 11-12-2017 |
| 10-01-2017 | 12-01-2017 |
| 13-04-18 | 16-04-2018 |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നം.5/17-18, തീയ്യതി : 21-07-2018) ലഭ്യമാക്കിയ മറുപടിയിൽ 2017-18, 2018-19 വർഷങ്ങളിൽ ബസ്റ്റാന്റ് ഫീസ് പിരിവ് നടത്തുന്നതിന് നിയോഗിക്കപ്പെട്ട ആൾ പ്രസ്തുത മേഖലയിൽ സേവന പരിചയം കുറഞ്ഞ ആൾ ആയതിനാലാണ് ഫീസ് അതത് ദിവസം ഒടുക്കുന്നതിൽ അപാകത സംഭവിച്ചത് എന്നും ഓഫീസിൽ നിന്നുള്ള കർശന നിർദ്ദേശത്തെ തുടർന്ന് നിലവിൽ ലീവ് ദിവസങ്ങളിൽ ഒഴികെ ഫീസ് അതതു ദിവസം തന്നെ ഒടുക്കുന്നുണ്ട് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

വരവിനങ്ങളിലെ പിരിവും ഒടുക്കും മേലുദ്യോഗസ്ഥരോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നും പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിലും അപാകങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിലും ഇവരുടെ ഭാഗത്തുനിന്ന് ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല എന്നുമാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അപാകങ്ങൾ പരിഹരിച്ച് ഫീസ് പിരിവ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി -അപാകങ്ങൾ

2017-18 വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. തൊഴിൽ നികുതി രജിസ്റ്റർ കൃത്യതയോടെ എഴുതി സൂക്ഷിക്കുന്നില്ല. സമർപ്പിച്ച റിട്ടേണുകളിലെ വിവരങ്ങൾ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾചുവടെ കൊടുക്കുന്നു.

- ഇസ്ലാഹി ഇംഗ്ലീഷ് മീഡിയം സ്കൂൾ - സമർപ്പിച്ച റിട്ടേണുകളും രജിസ്റ്ററിൽ ചേർത്ത വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. സ്ഥാപനം സമർപ്പിച്ച റിട്ടേണിൽ 36 ജീവനക്കാരുണ്ട്.

എന്നാൽ രജിസ്റ്ററിൽ 22 പേരുടെ വിവരങ്ങൾ മാത്രമേ ചേർത്തിട്ടുള്ളൂ. ചേർത്ത വിവരങ്ങൾ തന്നെ ഭാഗികമാണ്.

- ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ്, ഇരിക്കൂർ - ഒന്നാം അർദ്ധ വർഷം സ്ഥാപനം സമർപ്പിച്ച റിട്ടേണിൽ ക്രമ നം. 6 ശ്രീ. വിനോദ്കുമാർ ഇ, ക്ലാർക്ക് തളിപ്പറമ്പ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിലേക്ക് 07.07.2017 ന് സ്ഥലം മാറിപ്പോയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ടിയാളുടെ നികുതി ഒഴിവാക്കിയിരുന്നു. എന്നാൽ രജിസ്റ്ററിൽ ടിയാൾ 1250 രൂപ ഒടുക്കിയതായി ചേർത്തിട്ടുണ്ട്. ആയതിന്റെ നിജസ്ഥിതി വിശദീകരിക്കപ്പെട്ടിട്ടില്ല.

2. രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയത് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഉദാ. ക്രമ നം. 22, 29 (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നമ്പർ). പഞ്ചായത്തിൽ ലഭിക്കുന്ന തൊഴിൽ നികുതി റിട്ടേണുകൾ ഫ്രണ്ട് ഓഫീസിലും ബന്ധപ്പെട്ട സെക്ഷനിലും സൂക്ഷ്മ പരിശോധന നടത്തുകയോ ചുമതലപ്പെട്ട മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല എന്നും പ്രധാനപ്പെട്ട വരവിനമായിട്ടും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കൃത്യമായ പരിശോധന നടക്കുന്നില്ല എന്നുമാണ് മേൽ അപാകങ്ങളിൽ നിന്ന് വ്യക്തമാകുന്നത്. തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽ നികുതി ഒടുക്കുന്നുണ്ട് എന്നുറപ്പു വരുത്തേണ്ടതും രജിസ്റ്റർ അപാകങ്ങൾ പരിഹരിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

3. ഡി &ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2017-18 വർഷത്തെ ഡി &ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം | ഒടുക്കിയ ലൈസൻസ് ഫീ/ തീയ്യതി |
|---|---|---|---|
| 1 | കല്ല്യാൺ ജ്വല്ലേഴ്സ്, ഇരിക്കൂർ | 3 | 1000/-, 11603103302/27-2-17 |
| 2 | ജബൽ താജ് ഫാമിലി റസ്റ്റോറന്റ് | 10 | 500/-, 117030100120/ 17-07-17 |
| 3 | ഹിജാസ് സൂപ്പർമാർക്കറ്റ് പെരുവളത്ത് പറമ്പ് | 5 | 200/-, 117030100237/, 26-04-17 |
| 4 | സഫ ഫാസ്റ്റ്ഫുഡ്, ഇരിക്കൂർ | 6 | 200/-, 117030101184/16-08-17 |

| | | | |
|---|---|---|---|
| 5 | സഫ ഫാസ്റ്റ്ഫഡ്, ഇരിക്കൂർ | 6 | 200/-, 117030101185/16-08-17 |
| 6 | ബി.എസ്.പി. ഫിഷ് മാർക്കറ്റ്, ഇരിക്കൂർ | 3 | 1000/-, 117030101340/30-08-17 |
| 7 | ഹോട്ടൽ പോപ്പിൻസ്, ഇരിക്കൂർ | 5 | 2000/-, 117030101583/ 26-09-17 |
| 8 | മാസ് ഹൈപ്പർ മാർക്കറ്റ് | 3 | 4000/-, 117030102221/ 04-11-17 |

സെക്രട്ടറി നാളിതുവരെയായി മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിലുടമകളോട് 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് പരിധിയിലെ ഒന്നിൽക്കൂടുതൽ പേർ ജോലി ചെയ്യുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ച് തൊഴിൽനികുതി ഒടുക്കേണ്ടവർ ആയത് ഒടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-5 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ചുമത്താനാകുമോ എന്ന സാഹചര്യം പരിശോധിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ച ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.
കൂടാതെ ചട്ടം 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ലഭ്യമാക്കുന്ന സേവനങ്ങൾക്ക് നികുതി ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 2-6 ദുരിതാശ്വാസ നിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം 10-01-05 ന് ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധി അക്കൗണ്ടിൽ (അക്കൗണ്ട് നം. 5437, ഇരിക്കൂർ സർവ്വീസ് സഹ.ബാങ്ക്) 31-03-2017ന് 1739 രൂപയും 31-03-2018 ന് 5349 രൂപയും നീക്കിയിരിപ്പുണ്ട്. ഓഡിറ്റ് വർഷത്തിൽ 3,610 രൂപ മാത്രമേ വരവുള്ളൂ. 05-08-06 ന് ശേഷം പ്രസ്തുത നിധിയിൽനിന്ന് യാതൊരു വിധ ചെലവും നടന്നിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി രൂപീകരിച്ച പ്രസ്തുത നിധി ഈ രീതിയിൽ നിഷ്ക്രിയമായി തുടരുന്നത് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും പഞ്ചായത്ത് ആയത് ഗൗരവമായെടുക്കുകയോ ക്രിയാത്മകമായ പ്രവർത്തനം നടത്തിയതായോ കാണുന്നില്ല. ദുരിതാശ്വാസ നിധി സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് വ്യാപകമായ പ്രചാരണം നൽകേണ്ടതും ചട്ടം 7 പ്രകാരം നിധിയിൽനിന്ന് ധനസഹായത്തിനായി അപേക്ഷിച്ചവരുടെയും ധനസഹായം ലഭിച്ചവരുടെയും നിധിയിലേക്ക് സംഭാവന നല്കിയവരുടെയും പേരുവിവരങ്ങളും തുകയും മറ്റു കണക്കുകളും രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ടി വിവരങ്ങൾ യഥാസമയം ഓഫീസ് നോട്ടീസ് ബോർഡിൽ സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വിവരങ്ങൾ അതതുസംഗതിപോലെ ഗ്രാമസഭകളിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നത്- ഇന്ധന ക്ഷമതാ സർട്ടിഫിക്കറ്റിൽ നിശ്ചയിച്ച പരിധിയിലും കൂടുതൽ

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള KL59-Q-8167,Bolero Jeep നു വേണ്ടി പി .ഡബ്ള്യു .ഡി മെക്കാനിക്കൽ സബ് ഡിവിഷൻ, കണ്ണൂർ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ 07.11.2017തീയതിയിൽ നൽകിയ ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് പ്രകാരം 12.5 കി.മീ/ലിറ്റർ (With AC)ആണ് ഇന്ധനക്ഷമത നിശ്ചയിച്ച് നൽകിയിരിക്കുന്നത്. എന്നാൽ 23-11-2017 മുതൽ 21-03-2018 തീയതിവരെയായി വാഹനത്തിൽ നിറച്ച ഇന്ധനത്തിന്റെ വിവരങ്ങൾ പരിശോധിച്ചതിൽ ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് പ്രകാരം നിർണ്ണയിച്ചതിൽ കൂടുതൽ ഇന്ധനം നിറച്ചതായി കാണുന്നു. രണ്ട് ഇടവേളകളിലായി ഇന്ധനം നിറച്ചതിന്റെ അടിസ്ഥാനത്തിൽ (In Full Tank Condition) ഇന്ധനക്ഷമത കണക്കാക്കിയതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| തീയതി | ഫ്യൂയൽ മീറ്റർ റീഡിങ്ങ് | നിറച്ച ഇന്ധനം (ലിറ്ററിൽ) | അടുത്ത ഇന്ധനം നിറയ്ക്കുന്ന തീയതി | ഫ്യൂയൽ മീറ്റർ റീഡിങ്ങ് | രണ്ട് ഇടവേള കളിലായി ആകെ സഞ്ചരിച്ച കിലോമീറ്റർ | നിറച്ച ഇന്ധനം (ലിറ്ററിൽ) | ഇന്ധന ക്ഷമതാ സർട്ടിഫി ക്കറ്റ് പ്രകാരം ആവശ്യമായ ഇന്ധനം | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | (ലിറ്ററിൽ) | |
| 23.11.17 | 1636 | 55.97 | 11.12.17 | 2264 | 628 (2264-1636) | 55.84 (628 കി.മീ സഞ്ചരിക്കുന്നതിന്ന്) | 50.24 (628/12.5) | എല്ലാ തവണയും ഇന്ധനം നിറയ്ക്കുമ്പോൾ ഫുൾ ടാങ്കാണ് നിറച്ചിരിക്കുന്നത് |
| 11.12.17 | 2264 | 55.84 | 3.01.18 | 2863 | 599 (2863-2264) | 49 (599 കി.മീ സഞ്ചരിക്കുന്നതിന്ന്) | 47.92 (599/12.5) | " " |
| 3.01.18 | 2863 | 49 | 19.01.18 | 3569 | 706 (3569-2863) | 57.53 (706 കി.മീ സഞ്ചരിക്കുന്നതിന്ന്) | 56.48 (706/12.5 | " " |
| 19.01.18 | 3569 | 57.53 | 30.01.18 | 4166 | 597 (4166-3569) | 55 (597 കി.മീ സഞ്ചരിക്കുന്നതിന്ന്) | 47.76 (597/12.5) | " " |
| 30.01.18 | 4166 | 55 | 07.02.18 | 4796 | 630 (4796-4166) | 55.81 (630 കി.മീ സഞ്ചരിക്കുന്നതിന്ന്) | 50.4 (630/12.5) | " " |
| 07.02.18 | 4796 | 55.81 | 17.02.18 | 5365 | 569 (5365-4796) | 51.5 (569 കി.മീ സഞ്ചരിക്കുന്നതിന്ന്) | 45.52 (569/12.5) | " " |
| 17.02.18 | 5365 | 51.5 | 23.02.18 | 6208 | 843 (6208-5365) | 58 (843 കി.മീ സഞ്ചരിക്കുന്നതിന്ന്) | 67.44 (843/12.5) | " " |
| 23.02.18 | 6208 | 58 | 09.03.18 | 6710 | 502 (6710-6208) | 58 (502 കി.മീ സഞ്ചരിക്കുന്നതിന്ന്) | 40.16 (502/12.5) | " " |
| 09.03.18 | 6710 | 58 | 21.03.18 | 7285 | 575 (7285-6710) | 55.96 (575 കി.മീ സഞ്ചരിക്കുന്നതിന്ന്) | 46 (575/12.5) | " " |
| 21.03.18 | 7285 | 55.96 | 31.03.18 | 7927 | 642 (7927-7285) | 59 (642 കി.മീ സഞ്ചരിക്കുന്നതിന്ന്) | 51.36 (642/12.5) | " " |

Bolero യുടെ ടാങ്ക് കപ്പാസിറ്റി 60 Ltr ആണ്. എന്നാൽ 11.12.17 തീയതിയിൽ 5.6 ലിറ്റർ ഇന്ധനം

ടാങ്കിൽ അവശേഷിക്കെ (23.11.17 മുൻപുള്ള ടാങ്കിലെ നീക്കിയിരിപ്പ് ഉൾപ്പെടുത്തിയിട്ടില്ല) 55.84 ലിറ്റർ ഇന്ധനം പ്രസ്തുത തീയതിയിൽ നിറക്കുന്നത് അപ്രായോഗികമാണ്. മേൽ കാലയളവിൽ വാഹനത്തിന് പ്രത്യേകിച്ച് തകരാറുകളൊന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിൽ ഇത്തരത്തിൽ അധിക ഇന്ധനം നിറയ്ക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ആയത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 അംഗനവാടികൾക്ക് ഫർണിച്ചർ വാങ്ങൽ - 13,900/- രൂപയുടെ അധിക ചെലവ്

പ്രൊജക്റ്റ് നം - 29/18

പ്രൊജക്റ്റിന്റെ പേര് - അംഗനവാടികൾക്ക് ഫർണിച്ചർ വാങ്ങൽ

അടങ്കൽ തുക – ₹ 2,49,852 (വികസന ഫണ്ട്)

ആകെ ചെലവ് തുക – ₹ 2,46,474

ബിൽ നം- 06/12.03.2018

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള 13 അംഗൻവാടികളിൽ ഉപയോഗിക്കുന്നതിനായി മേൽ പ്രൊജക്റ്റ് പ്രകാരം 286 ഫൈബർ കസേരയും, 14 സ്റ്റീൽ ഷെൽഫും വാങ്ങിക്കുന്നതിന് തീരുമാനിക്കുകയും ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. ആയതു പ്രകാരം ആകെ ലഭ്യമായ രണ്ട് ടെണ്ടറുകളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനത്തിന്റെ പേര് | ക്വാട്ട് ചെയ്ത തുക | | | | | | | |
|---|---|---|---|---|---|---|---|---|
| | ഫൈബർ കസേര വലുത് (Armed) | | സ്റ്റീൽ അലമാര | | | | | |
| | Friendly | National | Plain Type(6.5x3x1.5) | | | Inner Locker Type(6.5x3x1.5) | | |
| | | | 22ഗേജ് | 20ഗേജ് | 18ഗേജ് | 22ഗേജ് | 20ഗേജ് | 18ഗേജ് |
| KANCO Enterprises, Kozhikode | 366 | 497 | 6555 | 6999 | 7666 | 6999 | 7666 | 7888 |
| FIDCO Enterprises, | 344 | 484 | 6222 | 6722 | 7222 | 6722 | 7422 | 7722 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Olavanna, Kozhikode | | | | | | | | |

ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത FIDCO Enterprises Ltd ന്റെ ക്വട്ടേഷൻ അംഗീകരിക്കുന്നതിന്ന് ഭരണ സമിതി തീരുമാനിക്കുകയും ( ഭരണ സമിതിയുടെ 20 .10 .2017 ലെ 65 / 17 (6 )നമ്പർ തീരുമാനം) നിയമാനുസൃത എഗ്രിമെന്റിൽ ഏർപ്പെട്ട് സപ്ലൈ ഓർഡർ നൽകി പദ്ധതി നടപ്പിലാക്കുവാൻ ഐ. സി .ഡി. എസ് സൂപ്പർവൈസറെ ചുമതലപ്പെടു ത്തുകയും ചെയ്തു. തുടർന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ 17.11.2017 ലെ നമ്പർ രേഖപ്പെടുത്താത്ത കത്ത് മുഖേന താഴെ കാണിച്ച പ്രകാരം സപ്ലൈ ഓർഡർ നൽകുകയും ചെയ്തു .

| തരം | എണ്ണം | വില ഒന്നിന് |
|---|---|---|
| ഫൈബർ കസേര വലുത് (Armed), National | 286 | 484 |
| സ്റ്റീൽ അലമാരInner Locker Type(6.5x3x1.5) 18ഗേജ് | 14 | 7722 |

ഇൻവോയിസ് നം 291/16.02.2018 പ്രകാരം താഴെ പറയുന്ന സാധനങ്ങൾ FIDCO Enterprises Ltd പഞ്ചായത്തിന് വിതരണം ചെയ്യുകയും ,ഈയിനത്തിൽ 246474/- കൈപറ്റുകയും ചെയ്തു.

| തരം | എണ്ണം | വില ഒന്നിന് | ആകെ തുക |
|---|---|---|---|
| ഫൈബർ കസേര വലുത് (Armed),National | 286 | 483.80 (484 approximately) | 138366.80 (138367approximately) |
| സ്റ്റീൽ അലമാരInner Locker Type(6.5x3x1.5) 18ഗേജ് | 14 | 7721.92 (7722approximately) | 108106.88 (108107approximately) |

സപ്ലൈ ഓർഡർ പ്രകാരം 7722/- രൂപ വില വരുന്ന18ഗേജിന്റെ (Inner Locker Type,(6.5x3x1.5)) 14 സ്റ്റീൽ അലമാരയാണ് FIDCO Enterprises Ltd വിതരണം ചെയ്യേണ്ടതെങ്കിലും ഇൻവോയിസ് /ബില്ലിൽ Inner Locker Type എന്ന് രേഖപ്പെടുത്തി ഇൻവോയിസ് /ബില്ലിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി6722/-രൂപ വില വരുന്ന 20 ഗേജിന്റെ Plain Type(without Inner Locker )14 സ്റ്റീൽ അലമാരയാണ് FIDCO Enterprises Ltd വിതരണം ചെയ്തത്. (ആയത് ICDS ഓഫീസിൽ സൂക്ഷിച്ച് അലമാര (one out of 14) പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്)

മേൽ കാണിച്ച പ്രകാരം ഒരു അലമാരയിന്മേൽ 1000/- രൂപ യും (7722-6722) ആകെ 14000/-രൂപയും (108107-94108) FIDCO Enterprises Ltd ന്ന് അധികം നൽകിയിട്ടുണ്ട്.

Procurement Committee യുടെ 06.10.2017 ൽ ചേർന്ന യോഗത്തിൽ സാമ്പിൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുറവ് തുക ക്വാട്ട് ചെയ്ത FIDCO Enterprises Ltd ൽ നിന്നും ഫർണിച്ചർ വാങ്ങിക്കുന്നതിന് തീരുമാനിച്ചുട്ടെങ്കിലും ഇതിന്റെ ഭാഗമായ സോഷ്യൽ

ഓഡിറ്റ് കമ്മിറ്റി, സാധന സേവന ലഭ്യതയിലെ കാര്യക്ഷമത/ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തിയതായി കാണുന്നില്ല. 09.01.2017 തീയതിയിലെ ജി.ഒ.(എം.എസ്) നം.10/2017 /ത.സ്വ.ഭ.വ നം ഉത്തരവു പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വരുന്ന പ്രോജക്ടിന്റെ മോണിറ്ററിംഗ് ഫലപ്രദമായി നടത്തിയിട്ടില്ല എന്ന വസ്തുതയിലേക്കാണ് ഈ അപാകം വിരൽ ചൂണ്ടുന്നത്.

ഈ കാര്യത്തിൽ വിശദീകരണം ലഭ്യമാക്കുന്നതിനായി 20.07.2018 തീയതിയിലെ 01/2017-18 നം ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ സപ്ലൈ ഓർഡറിൽ കാണിച്ച സ്പെസിഫിക്കേഷനോടുകൂടിയ അലമാര ലഭ്യമാക്കുന്നതിനോ/ അധികം നൽകിയ തുക തിരിച്ച് പിടിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. ആയതിനാൽ യഥാർത്ഥ സ്പെസിഫിക്കേഷനോടുകൂടിയ അലമാര ലഭ്യമാക്കിയതിന്റെ/ അധികം നൽകിയ തുക തിരിച്ച് പിടിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

വാങ്ങിച്ച സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ട പർച്ചേസിംഗ് കമ്മിറ്റിക്ക് ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 3-3 എം ജി എൻ ആർ ഇ ജി എസ്-പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ തൊഴിലുറപ്പ് പദ്ധതികളിൽ മെറ്റീരിയൽ കോസ്റ്റിനത്തിൽ എസ്റ്റിമേറ്റ് നിരക്കിലും അധികരിച്ച് തുക വിനിയോഗിച്ചു.

പഞ്ചായത്ത് നടപ്പിലാക്കിയ മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടുന്ന താഴെ കാണിച്ചിരിക്കുന്ന തൊഴിലുറപ്പ് പ്രവർത്തികളിൽ എസ്റ്റിമേറ്റിലും അധികരിച്ച് തുക വിനിയോഗിച്ചതായി കാണുന്നു. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1.കയർഭൂവസ്ത്രമുപയോഗിച്ച് തോടുകളുടെയും പുഴകളുടെയും അരിക് സംരക്ഷണം(വാർഡ് നം 7)

പ്രവൃത്തി കോഡ്- wc/190639

എസ്റ്റിമേറ്റ് തുക – 1,51,000/-

എം.ബുക്ക് നം - 4/17-18

ബിൽ നം- 00014/12.02.2018

| എസ്റ്റിമേറ്റ് പ്രകാരമുള്ള വിവരങ്ങൾ | | | | | | | എം.ബുക്ക്/ഫൈനൽ ബിൽ പ്രകാരമുള്ള വിവരങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| സീരി. നം | ഐറ്റം | ആകെ അളവ് | യൂണിറ്റ് കോസ്റ്റ് | തുക | | | ഐറ്റം | ആകെ അളവ് | യൂണിറ്റ് കോസ്റ്റ് | തുക | | |
| | | | | Wages | Mate rial Cost | Total Cost | | | | Wages | Mat erial Cost | Total Cost |
| 4 | Fixing and laying Geo Textiles with bamboo nail | 990 സ്ക്വ.മീ | 82.03 /സ്ക്വ.മീ | 16859.70 | 64350 | 81209.70 | Fixing and laying Geo Textiles with bamboo nail | 982.03 സ്ക്വ.മീ | 82.03/ സ്ക്വ.മീ | 15560 | 65000 | 80560 |

Material Cost ആയി, എസ്റ്റിമേറ്റ് പ്രകാരം 990 സ്ക്വ.മീ പ്രവൃത്തി ചെയ്യുന്നതിന് അംഗീകരിക്കാവുന്ന പരമാവധി തുക 64350/- ആണെങ്കിലും The Kerala state Coir Marketing Fed.Ltd എന്ന സ്ഥാപനത്തിന് (ഇൻവോയിസ് നം - 00014/12.02.18) ഈയിനത്തിൽ 982.03 സ്ക്വ.മീ. പ്രവൃത്തി ചെയ്തതിന് 65000/- രൂപയാണ് അനുവദിച്ചതായി കാണുന്നത്. (982.03 m2 ന് 63832/- രൂ). ലേബർ ചാർജ്ജിനത്തിൽ അനുവദനീയമായ തുക നൽകിയിട്ടുമില്ല.

<u>2.തോടുകളുടെയും പുഴകളുടെയും അരിക് സംരക്ഷണം,നടപ്പാത നിർമ്മാണം(കോളോട് വയൽ)</u>

പ്രവർത്തി കോഡ്- wc/190641

എസ്റ്റിമേറ്റ് തുക – 29000/-

എം.ബുക്ക് നം - 3/17-18

ബിൽ നം- 66/12.02.2018

| എസ്റ്റിമേറ്റ് പ്രകാരമുള്ള വിവരങ്ങൾ | | | | | | | എം.ബുക്ക്/ഫൈനൽ ബിൽ പ്രകാരമുള്ള വിവരങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| സീരി. നം | ഐറ്റം | അളവ് | യൂണിറ്റ് കോസ്റ്റ് | തുക | | | ഐറ്റം | ആകെ അളവ് | യൂണിറ്റ് കോസ്റ്റ് | തുക | | |
| | | | | Wages | Material Cost | Total Cost | | | | Wages | Material Cost | Total Cost |
| 5 | For making bamboo nails so as to fix the coir mat in the side wall of the water | 112 സ്ക്വ.മീ | 45.36 /സ്ക്വ.മീ | 3467.52 | 1612.80 | 5080.32 | Fixing and laying Geo Textiles with bamboo nail | 112 സ്ക്വ.മീ | 45.36 /സ്ക്വ.മീ | 2680.32 | 2400 | 5080.32 |

Material Cost ആയി, എസ്റ്റിമേറ്റ് പ്രകാരം അംഗീകരിക്കാവുന്ന പരമാവധി തുക 1612.80/- ആണെങ്കിലും ശശിധരൻ എന്നയാൾക്ക് സെയിൽ ബിൽ നം 66/12.02.18 പ്രകാരം ഈയിനത്തിൽ 2400/- രൂപയാണ് അനുവദിച്ചതായി കാണുന്നത്.

മുകളിൽ കാണിച്ച പ്രകാരം മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ അധികരിച്ച് തുക അനുവദിടച്ചതിനും ലേബർ ചാർജ്ജ് കുറവായി അനുവദിച്ചതിനും വിശദീകരണം അവശ്യമാണ്.

## 3-4 ലക്ഷം വീട് ഭവന പുനർ നിർമ്മാണം പദ്ധതി നടത്തിപ്പ് - പൂർത്തീകരിക്കുന്നതിൽ കാലതാമസം

പ്രോജക്ട് നമ്പർ : 104/18-ലക്ഷം വീട് ഭവന പുനർ നിർമ്മാണം

അടങ്കൽ : ₹625000 (സംസ്ഥാനാവിഷ്കൃത പരിപാടി)

ചെലവ് : ₹175000

ഇരിക്കൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13-03-2014, 10-03-2015 എന്നീ തീയതികളിലെ കത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്ന് 17-05-2014 ലെ LI/5564/MNOLHS /2013 നമ്പർ ഉത്തരവു പ്രകാരം 10 ഗുണഭോക്താക്കൾക്ക് (ജനറൽ) ₹75,000 വീതം നൽകുന്നതിന് ₹ 7,50,000 യും 20-04-2015ലെ LI/5564/MNOLHS /2013 നമ്പർ ഉത്തരവു പ്രകാരം 13 ഗുണഭോക്താക്കൾക്ക് (ജനറൽ) ₹75,000 വീതം നൽകുന്നതിന് ₹9,75,000യും കൂടി ആകെ ₹1725000 അനുവദിക്കുകയുണ്ടായി. ആകെയുള്ള 23 ഗുണഭോക്താക്കളിൽ 2014-15 ൽ 4പേരും 2015-16 ൽ 5 പേരും 2016-17 ൽ 1 ഗുണഭോക്താവും ഭവന നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി.

2017-18 ൽ 8പേർക്ക് ₹75000 വീതവും ഒരാൾക്ക് അവസാന ഗഡു നൽകുന്നതിന് ₹25000 വും കൂടി ആകെ ₹625000 അടങ്കലോടുകൂടി പദ്ധതി തയ്യാറാക്കിയതിൽ ₹175000 ചെലവഴിച്ച് 3പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട് .

2017-18 വരെ ആകെ 13പേർ മാത്രമാണ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. 10 പേർ ഭവനനിർമ്മാണം പൂർത്തിയാക്കാനുണ്ട്. ഇതിൽ ഒരു ഗുണഭോക്താവ് 2015 ൽ ആദ്യ ഗഡുവായ ₹20000/- കൈപ്പറ്റിയിട്ടുണ്ട്. ബാക്കി 9 പേരും എഗ്രിമെന്റ് വെക്കുകയോ ഭവനനിർമ്മാണം ആരംഭിക്കുകയോ ചെയ്തിട്ടില്ല. ഈ ഇനത്തിൽ ₹7,30,000/- പഞ്ചായത്തിൽ ചെലവഴിക്കാതെ ബാക്കിയുണ്ട്.

സ.ഉ.(എം.എസ്) നം.151/2017 തസ്വഭവ തീയതി 31-07-2017 പ്രകാരം പുറപ്പെടുവിച്ച സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2 പ്രകാരം, വാസയോഗ്യമല്ലാത്ത വീടുകൾ എന്നവിഭാഗത്തിൽ ലക്ഷം വീട് പദ്ധതി പോലുള്ള മുൻകാല സർക്കാർ പദ്ധതികളുടെ ഭാഗമായി വീട് ലഭിച്ചവരും എന്നാലിന്ന് കാലപ്പഴക്കത്താൽ വാസയോഗ്യമല്ലാതായ ആ വീടുകളിൽ സ്വന്തമായി വീട് പുനരുദ്ധാരണം നടത്താൻ സാമ്പത്തിക ശേഷിയില്ലാത്തതിനാൽ നിസ്സഹായരായി കഴിയുന്നവരുമാണ് ഉൾപ്പെടുക എന്ന് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ഒരു ലിസ്റ്റ് പഞ്ചായത്തിൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. 2014-15 ൽ തന്നെ ഭവന പുനർനിർമ്മാണം ആവശ്യമായ ഗുണഭോക്താക്കൾ ലക്ഷം വീട് കോളനികളിൽ ഉണ്ടെന്നിരിക്കെ അവരെ ലിസ്റ്റിൽ ഉൾപ്പെടുത്തി നിലവിലുള്ള നിരക്ക് പ്രകാരമുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതും ചെലവഴിക്കാതെ ബാക്കിയുള്ള തുക ഭവന നിർമ്മാണത്തിന് ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതും അല്ലാത്തപക്ഷം തുക തിരിച്ചടക്കേണ്ടതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത വിഷയം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 ടാർ വിലയിനത്തിൽ സിഡ്കോവിന് അധികം തുക നൽകിയത് തിരിച്ചീടാക്കേണ്ടതാണ്.

2017-18 വർഷം 9 പ്രവൃത്തികൾക്കായി ടാർ വാങ്ങുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ താഴെ പറയും പ്രകാരം തുക പിൻവലിച്ച് സിഡ്കോവിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ തീയതി | തുക |
|---|---|---|
| 1 | 16/17-18 തീയതി 22-02-2018 | 44530 |
| 2 | 17/17-18 തീയതി 22-02-2018 | 55160 |
| 3 | 18/17-18 തീയതി 22-02-2018 | 63313 |
| 4 | 19/17-18 തീയതി 22-02-2018 | 106433 |
| 5 | 20/17-18 തീയതി 22-02-2018 | 61704 |
| 6 | 21/17-18 തീയതി 22-02-2018 | 60963 |
| 7 | 22/17-18 തീയതി 22-02-2018 | 98487 |
| 8 | 23/17-18 തീയതി 22-02-2018 | 75047 |
| 9 | 24/17-18 തീയതി 22-02-2018 | 186468 |
| ആകെ | | 752105 |

എന്നാൽ സിഡ്കോ നൽകിയ ടാക്സ് ഇൻവോയ്സ് പ്രകാരം താഴെപറയുന്ന തുക മാത്രമേ ചെലവ് വന്നിട്ടുള്ളൂ.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1 | RMDVNGST 4514 dtd.02-03-2018 | 482296 |
| 2 | RMDVNGST 4700 dtd.05-03-2018 | 173070 |

| | | |
|---|---|---|
| 3 | RMDVNGST 5069 dtd.11-03-2018 | 92098 |
| ആകെ | | 747464 |

ഈ ഇനത്തിൽ അധികം നൽകിയ ₹4641/- (752105 – 747464) തിരിച്ചീടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-6 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകങ്ങൾ

1. സ.ഉ.(സാധാ) 3049/2016 തസ്വഭവ തീയതി 08-11-2016 പ്രകാരം കരാറുകാരൻ സ്വന്തം നിലയിൽ ടാർ വാങ്ങി ഉപയോഗിക്കുമ്പോൾ ഒറിജിനൽ ബിൽ ഹാജരാക്കേണ്ടതുണ്ട്. എന്നാൽ താഴെപറയുന്ന പ്രവൃത്തികൾക്ക് ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ഉപയോഗിച്ച ടാർ |
|---|---|---|---|---|
| 1 | 80/18 | പെട്രോൾ പമ്പ് സെമിനാരി റോഡ് പുനരുദ്ധാരണം | ഷബീർ.കെ.ടി | 5 ബാരൽ |
| 2 | 81/18 | പട്ടുവം കോളാട് നിടുവട്ടൂർ എടക്കോട് വയൽ റോഡ് ടാറിംഗ് | അസ്കർ .വിപി | 6ബാരൽ |
| 3 | 82/18 | ഏട്ടക്കയം വട്ടക്കുന്ന് ബൈപ്പാസ് റോഡ് പുനരുദ്ധാരണം | അസ്കർ .വിപി | 9ബാരൽ |
| 4 | 73/18 | പൈസായി മുബാറക് പള്ളി റോഡ് അഭിവൃദ്ധിപ്പെടുത്തൽ | മുഹമ്മദ് അഷ്റഫ് ആർ.പി | 4ബാരൽ |
| 5 | 83/18 | പട്ടീൽ ആവിലക്കുന്ന് വി.കെ.എസ്.റോഡ് റീടാറിംഗ് | അസ്കർ .വിപി | 6ബാരൽ |
| 6 | 70/18 | വയക്കാംകോട് പൈസായി റോഡ് അഭിവൃദ്ധിപ്പെടുത്തൽ | പി.പി.സുകുമാരൻ | 51ബാരൽ |

2. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30-10-2007 ലെ 59827/എഫ്.എം/07നമ്പർ സർക്കുലർ പ്രകാരം ടാർ ബാരലിന്റെ വില ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തികളിൽ നിന്നും മറ്റ് ടാറിംഗ്

പ്രവൃത്തികളിൽ നിന്നും ഈടാക്കിയ ടാർ ബാരലിന്റെ വില ടി.എസ്.ബി അക്കൗണ്ടായ 719051400000002 (തനത് ഫണ്ട് അക്കൗണ്ട്) ൽ ആണ് നിക്ഷേപിച്ചിരിക്കുന്നത് . ബാരലിന്റെ വില കണക്കാക്കി പ്രവൃത്തിക്ക് വകയിരുത്തിയ ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. ടാർ ബാരൽ വിറ്റവിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.ടി Penalties And Fines എന്ന ഇനത്തിൽ ഈടാക്കി പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലാണ് വരവ് വെച്ചിരിക്കുന്നത്. ആയത് ജി.എസ്.ടി .വകുപ്പിലേക്ക് ഒടുക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

4. റോഡ് കോൺക്രീറ്റിംഗിന് ഒബ്സേർവ്ഡ് ഡാറ്റ ഉപയോഗിച്ച വ്യത്യസ്ത പ്രവൃത്തികൾക്ക് ഒരേ ഇനത്തിന് വ്യത്യസ്ത നിരക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ കാരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ഇനം | പ്രവൃത്തിയുടെ പേര് | നൽകിയ നിരക്ക് |
|---|---|---|
| Providing concrete for plain/reinforced concrete in open foundations complete as per drawings and technical specification clause 802,803,1202 &1203<br>1.P.C.C grade M.10<br>(1) Norminal Mix 1:3:6 | 44/18- കോട്ടക്കുന്ന് നടപ്പാത കോൺക്രീറ്റ് | ₹6,043.52 |
| | 51/18- എടപ്പിൽ നടപ്പാത കോൺക്രീറ്റ് | ₹6,065.78 |
| | 61/18- എട്ടക്കയം വട്ടക്കുന്ന് നിലാമുറ്റം പുഴക്കര റോഡ് കോൺക്രീറ്റിംഗ് | ₹6,065.78 |
| | 41/18- ലക്ഷം വീട് കോളനി റോഡ് കോൺക്രീറ്റ് | ₹6,065.78 |
| Providing concrete for plain/reinforced concrete in open foundations complete as per drawings and technical specification clause 802,803,1202 &1203<br>111.P.C.C grade M.10<br>(1) Norminal Mix 1:2:4 | 34/18- വളപ്പിനകത്ത് അബൂബക്കർ ഫുട്പാത്ത് കോൺക്രീറ്റ് | ₹7,525.82 |
| | 44/18- കോട്ടക്കുന്ന് നടപ്പാത കോൺക്രീറ്റ് | ₹7,594.15 |

5. താഴെ പറയുന്ന രജിസ്റ്ററുകൾ/രേഖകൾ സൂക്ഷിച്ചിട്ടില്ല.

i) റോഡ് രജിസ്റ്റർ.

ii) ഇ.എം.ഡി.രജിസ്റ്റർ

iii) ആസ്തി രജിസ്റ്റർ

iv) റോഡ് കണക്റ്റിവിറ്റി മാപ്പ്.

മേൽ പരാമർശവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/17-18 തീ.25.7.18) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-7 വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച അപേക്ഷകൾക്ക് ധനസഹായം അനുവദിക്കാത്തതിന്റെ കാരണം വ്യക്തമല്ല

വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായത്തിനായി പത്ത് അപേക്ഷകൾ പഞ്ചായത്തിൽ ലഭിച്ചിരുന്നു. ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി മുഴുവൻ അപേക്ഷകളും അംഗീകരിച്ചിട്ടുണ്ടെങ്കിലും രണ്ട് അപേക്ഷകർക്ക് മാത്രമാണ് തുക അനുവദിച്ചതായി കാണുന്നത്. ധനസഹായം ലഭ്യമാകാത്ത എട്ട് അപേക്ഷകരുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| സീരി. നം | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയതി |
|---|---|---|
| 1. | മറിയം ടി പി | 05.10.2017 |
| 2. | ആസിയ എം പി | 29.11.2017 |
| 3. | ഫാത്തിമ ടി സി | 03.10.2017 |
| 4 | റഷിദ കെ | 25.01.2018 |
| 5. | കദീജ കെ വി | 02.02.2018 |
| 6. | മൈമൂനത്ത് സി സി | 14.02.2018 |
| 7. | ജമീല പി പി | 21.03.2018 |
| 8. | റഹ്മത്ത് പി | 23.03.2018 |

മേൽ ഗുണഭോക്താക്കൾക്ക് ധന സഹായം അനുവദിക്കാത്തതിന്റെ കാരണം രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്. അപേക്ഷകൾ വകുപ്പിൽ നിന്ന് നിരസിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകളും ഹാജരാക്കേണ്ടതാണ്.

## 3-8 ക്ഷേമ പെൻഷൻ - രേഖകൾ സൂക്ഷിക്കുന്നതിലെ വിവിധ

## അപാകങ്ങൾ

ക്ഷേമ പെൻഷൻ അപേക്ഷകൾ ഗ്രാമപഞ്ചായത്ത് അംഗീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ, ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലോ രേഖകളിലോ രേഖപ്പെടുത്തിയിട്ടില്ല. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അംഗീകരിച്ചതിന്റെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയതായി കാണുന്നത്. ആയതിനാൽ ലഭ്യമായ ക്ഷേമ പെൻഷൻ അപേക്ഷകളിന്മേൽ, പഞ്ചായത്ത് സമയബന്ധിതമായി തീർപ്പാക്കിയത് സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.സേവന സോഫ്റ്റ് വെയറിൽ നിന്നും ക്ഷേമ പെൻഷൻ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പെൻഷൻ തരം | 2017-18 വർഷത്തിൽ പഞ്ചായത്തിൽ ലഭിച്ച ആകെ അപേക്ഷകൾ | സേവന സോഫ്റ്റ് വെയർ പ്രകാരം 2017-18 വർഷാരംഭത്തിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന ആകെ ഗുണഭോക്താക്കളുടെ എണ്ണം | 2017-18 വർഷത്തിൽ നീക്കം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം | 2017-18 വർഷത്തിൽ പുതുതായി ഉൾപ്പെടുത്തിയ ഗുണഭോക്താക്കളുടെ എണ്ണം | സേവന സോഫ്റ്റ് വെയർ പ്രകാരം 2017-18 വർഷാവസാനത്തിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന ആകെ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | 87 | 577 | 12 | 44 | 609 |
| വിധവാ പെൻഷൻ | 38 | 548 | 2 | 21 | 567 |
| കർഷക തൊഴിലാളി പെൻഷൻ | 1 | 95 | - | 1 | 96 |
| വികലാംഗ പെൻഷൻ | 10 | 160 | 1 | 21 | 182 |
| 50 വയസ്സിന്ന് മുകളിലുള്ള അവിവാഹിതിരായ സ്ത്രീകൾക്കുള്ള | - | 2 | - | 1 | 3 |

| | | | | | |
|---|---|---|---|---|---|
| പെൻഷൻ | | | | | |

മാർച്ച് 2018 വരെയുള്ള പെൻഷൻ ഇതുവരെയായി വിതരണം ചെയ്തിട്ടുണ്ട്.ക്ഷേമ പെൻഷൻ അപേക്ഷകൾ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി അംഗീകരിച്ചതും, സേവന സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തി സമർപ്പിച്ചതിന്റെ തീയതി ഉൾപ്പെടെയുള്ള വിവരങ്ങളും ബന്ധപ്പെട്ട രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 253650 | 1.വി.കെ.എസ് റോഡിൽ ഡ്രെയിനേജ് -124600/-<br>2.ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- 100050/-<br>3- ക്ഷീര കർഷകർക്ക് ഉല്പ്പാദക ബോണസ്- 17000/-<br>4-12/18- നെൽകൃഷിക്ക് കുമ്മായം കൂലി ചെലവ് എന്നിവക്കുള്ള സബ്സിഡി-12000/- | 253650 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150050 | 1.സാന്ത്വന പരിചരണം- 50000/-<br>2. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- 100050/- | 150050 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തിയുടെ | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | നമ്പർ/ ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യു.ഡി | അങ്കണവാടികളുടെ നവീകരണം | 21700775 | 400000 | 0 | 400000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-13 | 2011-12 | 2-7 | നിഷ്ക്രിയ ആസ്തിയായിമാറിയ കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രം | നിലവിൽ കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രത്തിലെ മുഴവൻ മുറികളിലും സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 32(2) | കെ.പി.രാമൻകുട്ടി, സെക്രട്ടറി | LF.5455/ spl.cell. SC6/03 .dt.09.10.2003 | 8964 | ഒടുക്കിയിട്ടില്ല. | ഒടുക്കിയിട്ടില്ല. | ഇല്ല | ഇല്ല | ഒടുക്കിയിട്ടില്ല. | 8964 | |
| 2 | 1998-99 | 35(1) | കെ.പി.രാമൻകുട്ടി, സെക്രട്ടറി | LF.5455/ spl.cell.SC6/03. dt.09.10.2003 | 358 | ഒടുക്കിയിട്ടില്ല. | ഒടുക്കിയിട്ടില്ല. | ഇല്ല | ഇല്ല | ഒടുക്കിയിട്ടില്ല. | 358 | |
| 3 | 1998-99 | 35(2) | കെ.പി.രാമൻകുട്ടി, സെക്രട്ടറി | LF.5455/ spl.cell.SC6/03. dt.09.10.2003 | 647 | ഒടുക്കിയിട്ടില്ല. | ഒടുക്കിയിട്ടില്ല. | ഇല്ല | ഇല്ല | ഒടുക്കിയിട്ടില്ല. | 647 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 35910253 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36555291 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | - | 14000 | കമലാക്ഷി.ടി.കെ, |

| | | | |
|---|---|---|---|
| | | | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കമലാക്ഷി.ടി.കെ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ,<br>ഇരിക്കൂർ ഗ്രാമപഞ്ചായത്ത് | പുനർജനി,<br>പെരുവളത്തുപറമ്പ്.പി.ഒ,<br>ഇരിക്കൂർ- 670593 |

## 4-10 ഓഡിറ്റ് ഇംപാക്റ്റ്

ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ തിരിച്ചടച്ച തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് എൻക്വയറി നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ഖണ്ഡിക നമ്പർ തുക | വിഷയം ചുരുക്കത്തിൽ |
|---|---|---|---|
| 3/21.7.2018 | സെക്രട്ടറി | 2-4 (3) | ഡി&ഒ ലൈസൻസ് അനുവദിച്ച |

| | | | |
|---|---|---|---|
| | | തുക 37,188/- | സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99<br>1999-00 | കെ.എസ്.എ.കെ.എൻ.ആർ-c4/541/18 തീ.15.03.2018 | 3 |
| 2000-01 | കെ.എസ്.എ.കെ.എൻ.ആർ-c4/541/18 തീ.15.03.2018 | 2 |
| 2002-03 | കെ.എസ്.എ.കെ.എൻ.ആർ-c4/541/18 തീ.15.03.2018 | 17 |
| 2003-04 | കെ.എസ്.എ.കെ.എൻ.ആർ-c4/541/18 തീ.15.03.2018 | 9 |
| 2004-05 | കെ.എസ്.എ.കെ.എൻ.ആർ-c4/541/18 തീ.15.03.2018 | 14 |
| 2005-06 | കെ.എസ്.എ.കെ.എൻ.ആർ-c4/541/18 തീ.15.03.2018 | 4 |

| | | |
|---|---|---|
| 2006-07 | കെ.എസ്.എ.കെ.എൻ.ആർ-c4/541/18 തീ.15.03.2018 | 4 |
| 2007-08 | കെ.എസ്.എ.കെ.എൻ.ആർ-c4/541/18 തീ.15.03.2018 | 6 |
| 2008-09 | കെ.എസ്.എ.കെ.എൻ.ആർ-c4/541/18 തീ.15.03.2018 | 4 |
| 2009-10 | കെ.എസ്.എ.കെ.എൻ.ആർ-c4/541/18 തീ.15.03.2018 | 5 |
| 2010-11,11-12 | കെ.എസ്.എ.കെ.എൻ.ആർ-c4/541/18 തീ.15.03.2018 | 3 |
| 2012-13.13-14 | എൽ.എഫ്. കെ.എൻ.ആർ./സി 01/642 /2015തീ 08-07-2015 | 7 |
| 2014-15 | എൽ.എഫ്. കെ.എൻ.ആർ./സി 01/1441 /2016തീ 09-08-2016 | 6 |
| 2015-16 | കെ.എസ്.എ.കെ.എൻ.ആർ.സി4/2183 /2016തീ01.02.2017 | 18 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ.സി4/1344/2017 തീ 14.09.2017 | 5 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ.

## **അനുബന്ധം-1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.കെ.എൻ.ആർ.സി4/1539/18

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയതി: 15.10.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് ,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

KSA/KNR/C4/1539/2018.

Kerala State Audit Department,
DistrictAuditOffice, Kannur-670 001.
e-Mail:lfaddistofficeknr@gmail.com
Phone:0497-2707698.

Date: 15.10.2018

Certified that I have audited the Annual Financial Statement of Irikkur Grama Panchayat in Kannur District for the year ended on 31.03.2018 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion,the Financial Statements of Irikkur Grama panchayat for the year 2017-18 except the observations in my audit report properly presents the picture of income and expenditure.

Deputy Director,
District Audit Office, Kannur.

## <u>അനുബന്ധം-2</u>

# Irikur Grama Panchayath Receipt And Payment Statement For the period from 01-April 2017 to 31 March 2018

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 6076953 |
| | Cash | RP-40(a) | 155572 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP- 1 | 1209790 |
| 130000000 | Rental Income from Panchayath Properties | RP-3 | 19500 |
| 140000000 | Fees & User Charges | RP- 4 | 748032 |
| 150000000 | Sale & Hire Charges | RP- 5 | 63712 |
| 160000000 | Revenue Grants ,Funds,Contributions & Compensations | RP- 7 | 21497141 |
| 171000000 | Interest Earned | RP- 9 | 100026 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 8350186 |
| 350000000 | Other Liabilities | RP-36 | 30810 |
| Non | | | |

| | | | |
|---|---|---|---|
| Operating | | | |
| 311000000 | Earmarked Funds | RP-29 | 3610 |
| 340000000 | Deposits Received | RP- 34 | 17998 |
| 350000000 | Other Liabilities | RP- 36 | 170755 |
| 431000000 | Sundry Debtors(Receivables) | RP- 43 | 3685693 |
| 460000000 | Loans,Advances and Deposits | RP- 47 | 13000 |
| Grand Total | | | 42142778 |
| | Payments | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 2888805 |
| 220000000 | Administrative Expenses | RP-12 | 980096 |
| 230000000 | Operatations & Maintanance | RP-13 | 732767 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 1359998 |
| 251000000 | Decentralised plan programme – Service Sector | RP-16 | 4679186 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 2442233 |
| 253000000 | Decentralised plan programme – projects not included in service sector | RP-18 | 4148579 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 733781 |

| | | | |
|---|---|---|---|
| 255000000 | Maintanance Projects | RP-20 | 4849663 |
| 280000000 | Prior Period Item | RP-26 | 700 |
| 320000000 | Grants,Funds & Contributions for Specific Purposes | RP-31 | 375789 |
| 350000000 | Other Liabilities | RP-36 | 3881851 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 11444 |
| 2800000000 | Prior Period Item | RP-26 | -480 |
| 340000000 | Deposits Received | RP-34 | 62882 |
| 350000000 | Other Liabilities | RP-36 | 1973755 |
| 410000000 | Fixed Assets | RP-38 | 1799441 |
| 412000000 | Capital Work In Progress | RP-40 | 4314702 |
| 430000000 | Sundry Debtors(Receivables) | RP-43 | 975597 |
| 460000000 | Loans,Advances and Deposits | RP-47 | 345902 |
| | Closing Balance | | |
| | Bank | RP-40(b) | 5466979 |
| | Cash | RP-40(b) | 120508 |

| | | | |
|---|---|---|---|
| Grand Total | | | 42142778 |

Deputy Director,

## അനുബന്ധം-3

# Income & Expenditure statement For the period from 01-April 2017 to 31 March 2018

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | I-1 | 3951151 |
| 130000000 | Rental Income from panchayath properties | 1-3 | 100494 |
| 140000000 | Fee &User charges | I-4(b) | 849262 |
| 150000000 | Sale &Hire Charges | I-5(b) | 63712 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 44534150 |
| 171000000 | Interest Earned | I-8 | 100026 |
| A | Total Income | | 49598795 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 8686467 |
| 220000000 | Administrative Expenses | I-11(b) | 980096 |
| 230000000 | Operations & Maintanance | I-12(b) | 732767 |
| 240000000 | Interest & Finance Charges | I-13 | 11444 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 3190099 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 10024865 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 2422262 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 4168579 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred Institutions & State Sponsored Schemes(not included under Decentralised Plan Programme) | I-14(d) | 18863481 |
| 255000000 | Maintenance Projects | I-14(e) | 4849663 |
| 270000000 | Funds-Revenue Expenses Provisions & write off | I-16 | 20426 |
| 272000000 | Depreciation | 1-17(a) | 4772688 |
| B | Total - Expenditure | | 58722837 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | (9124042) |
| D=280000000 | Prior period Item | I-18 | (957631) |
| E=C-D<br>290000000 | Gross Surplus/Deficit of Income over Expenditure after prior period items<br>Transfer to reserve funds | | (8166411) |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

Deputy Director,

## അനുബന്ധം-4

# Balance Sheet As on 31 March 2018

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | Liabilities | | |

| | | | |
|---|---|---|---|
| | Reserve & surplus | | |
| 310000000 | Panchayat Funds | B-1 | (12405871) |
| 311000000 | Earmarked Funds | B-2 | 5349 |
| 312000000 | Reserves | B-3 | 30294864 |
| | Total Reserve & surplus | | 17894342 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds & Contributions for Specific Purposes | B-4 | 5832353 |
| | Total Grants,Funds & Contributions for Specific<br>Purposes | | 5832353 |
| | Loans | | |
| 330000000 | Secured Loans | B5 | 0 |
| | Total Loans | | |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 247475 |
| 350000000 | Other Liabilities | B-9 | 1496920 |
| | Total Current Liabilities and Provisions | | 1744395 |
| | TOTAL LIABILIITIES | | 25471090 |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | (26276284) |
| 411000000 | Accumulated Depreciation | B-11 | 8377440 |
| 412000000 | Capital Work In Progress | B-11(a) | 107843 |
| | Total Fixed Assets | | 18006687 |
| 420000000 | Investment | B-12 | 0 |
| | Total Investment | | 0 |
| | Current Assets,Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0 |
| 431000000 | Sundry Debtors (Receivables) | B-15 | 1780347 |
| 440000000 | Pre paid Expenses | B16 | 0 |
| 450000000 | Cash and Bank balance | B-17 | 5587487 |
| 460000000 | Loans,Advances and Deposits | B-18 | 96569 |
| | Total Current Assets,Loans and Advances | | 7464403 |
| | Total Assets | | 25471090 |

Deputy Director,